# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .148 — 10.06.2013-ൽ മറുപടിക്ക്

## കടലിൽ മുങ്ങിമരിക്കുന്നവർക്ക് നഷ്ടപരിഹാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.ഗീതാ ഗോപി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കടലിൽ മുങ്ങി മരിക്കുന്നവർക്ക് ആശ്രിതധനസഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടെങ്കിൽ വിശദീകരിക്കാമോ ; | (എ) | മത്സ്യഫെഡ് മുഖാന്തിരം ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് ഗ്രൂപ്പ് അപകടമരണ ഇൻഷ്വറൻസ് പദ്ധതി 1996 മുതൽ നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യ തൊഴിലാളികൾക്ക് നിലവിലുള്ള 2013-14 ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണം സംഭവിച്ചാൽ 5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.<br>മത്സ്യബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളി, മത്സ്യബന്ധനത്തിനിടെ കടലിൽ മുങ്ങിമരിക്കുന്ന സാഹചര്യത്തിൽ ഇൻഷ്വറൻസ് ധനസഹായമായി 3,00,000 രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നുണ്ട്. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരമാണ് ടി ഇൻഷ്വറൻസ് ധനസഹായം വിതരണം ചെയ്യുന്നത്. |
| (ബി) | ഇല്ലെങ്കിൽ, എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ? | (ബി) | മേൽ പദ്ധതികൾ നിലവിലുള്ളതിനാൽ മറ്റ് പദ്ധതികൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ